**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2780** **13-02-2024 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനായി കെ.എസ്.ഇ.ബി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്രസർക്കാർ ആവിഷ്കരിച്ച PM-KUSUM പദ്ധതി വഴി കെ.എസ്.ഇ.ബി.എൽ. 11 മെഗാവാട്ടിന്റെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ 0.8 മെഗാവാട്ട് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 10.2 മെഗാവാട്ട് പ്ലാന്റിന്റെ പണി പുരോഗമിച്ചു വരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കായി കെ.എസ്.ഇ.ബി.എൽ. ടെൻഡർ ചെയ്ത ഇ-കിരൺ എന്ന പോർട്ടൽ വഴി നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ എം.എൻ.ആർ.ഇ. മന്ത്രാലയത്തിൽ നിന്നുള്ള സബ്സിഡി (സൗര) സ്കീമും, എം.എൻ.ആർ.ഇ. നേരിട്ട് നടപ്പിലാക്കുന്ന ഡി.ബി.ടി. സബ്സിഡി സ്കീമും ആണ് സൗരോർജ്ജ ഉല്പാദനത്തിനായി സൗര നടപ്പിലാക്കുന്നത്. |
| (ബി) | ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന വ്യക്തമാക്കുമോ? | (ബി) | ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ